പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :231 | 09.06.2014 ൽ മറുപടിക്ക്

## സ്റ്റുഡന്റ്സ് പോലീസ്

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് | മറുപടി<br>ശ്രീ.രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് എത്ര സ്കൂളുകളിലാണ് ഈ വർഷം സ്റ്റുഡൻസ് പോലീസ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; ജില്ല തിരിച്ചുളള കണക്ക് വ്യക്തമാക്കാമോ; | എ) ഈ വർഷം പുതിയ സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി അനുവദിക്കുവാൻ ആലോചിച്ച് വരുന്നു. |
| (ബി) എൻ.സി.സി. നിലവിലുളള സ്കൂളുകളിൽ സ്റ്റുഡൻസ് പോലീസ് വേണ്ട എന്ന തീരുമാനം എടുത്തിട്ടുണ്ടോ; ഇതു സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ; | (ബി) ഇല്ല. |
| (സി) സ്റ്റുഡൻസ് പോലീസിൽ അംഗങ്ങളായ കുട്ടികൾക്ക് ഗ്രേസ്മാർക്ക് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ; | (സി) ഉണ്ട്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിൽ ചേർന്ന് രണ്ട് വർഷത്തെ പരിശീലനം കാര്യക്ഷമമായി പൂർത്തിയാക്കുന്ന 75% ഹാജരുള്ള എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയിൽ പഠിക്കുന്ന കേഡറ്റുകൾക്ക് വർഷാവസാന പരീക്ഷയ്ക്ക് 5% ഗ്രേസ് മാർക്ക് നല്കിവരുന്നു. |
| (ഡി) സ്റ്റുഡൻസ് പോലീസ് അംഗങ്ങൾക്ക് ഭാവിയിൽ പോലീസ് സേനയിലേക്കുളള റിക്രൂട്ട്മെന്റിൽ പ്രത്യേക പരിഗണന നൽകുന്ന കാര്യം പരിശോധിക്കുമോ? | (ഡി) സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്ക് യൂണിഫോം സർവ്വീസിലേക്ക് പി.എസ്.സി നടത്തുന്ന പരീക്ഷകളിൽ വെയിറ്റേജ് നൽകണമെന്ന ശുപാർശ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ